# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. **4734** — **29.06.2012**-ലെ മറുപടിക്ക്

## ഗ്രാമപഞ്ചായത്ത് നികുതി പിരിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) ഗ്രാമ പഞ്ചായത്തുകളുടെ പ്രധാന വരുമാന മാർഗ്ഗങ്ങളായ വിവിധയിനം നികുതികൾ, ഫീസുകൾ തുടങ്ങിയവ സമയബന്ധിതമായി സമാഹരിക്കാത്തതിനാലും കാലാനുസൃതമായി നികുതികളും ഫീസുകളും പുതുക്കാത്തതിനാലും നികുതി നഷ്ടം സംഭവിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നഷ്ടം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | എ) വിലയിരുത്തിയിട്ടുണ്ട്. നികുതി നഷ്ടം ഒഴിവാക്കാനുള്ള പ്രത്യക്ഷ നടപടികൾ നടപ്പിലാക്കേണ്ടത് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ തന്നെയാണ്. എന്നാൽ മുൻ വർഷത്തെ അപേക്ഷിച്ച് തനത് വരുമാനം പത്ത് ശതമാനമെങ്കിലും വർദ്ധിപ്പിക്കുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് മൊത്തം വികസന ഫണ്ടിന്റെ പത്ത് ശതമാനത്തിൽ അധികരിക്കാത്ത തുക അധിക ഇൻസെന്റീവായി നൽകണമെന്ന നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് എല്ലാ ഗ്രാമ പഞ്ചായത്തുകളും അവയുടെ തനത് നികുതി വരവ് മുൻവർഷത്തേക്കാൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ വാർഷിക സമയബന്ധിത കാര്യപരിപാടി തയ്യാറാക്കി നടപ്പാക്കേണ്ടതാണെന്നും ഇത് കമ്മിറ്റി / ഗ്രാമസഭ യോഗത്തിൽ ചർച്ച ചെയ്ത് തുടർ നടപടി സ്വീകരിക്കുവാനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | നികുതിയും ഫീസും സമാഹരിക്കുന്നതിന് നിയോഗിക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വ്യക്തമാക്കാമോ ; | ബി) | ഗ്രാമ പഞ്ചായത്തുകളിൽ നികുതി പിരിവിന് എൽ.ഡി.ക്ലാർക്കുമാരേയും ഓഫീസ് അറ്റൻഡന്റുമാരേയുമാണ് (പ്യൂൺ) നിയോഗിച്ചിട്ടുള്ളത്. |
| സി) | നികുതി പിരിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിലെ പ്യൂൺ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; | സി) | ഉണ്ട്. |
| ഡി) | പ്യൂൺ തസ്തികയിലെ ജീവനക്കാർക്ക് നികുതി പിരിവ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്ന പ്രൊമോഷൻ പുനഃസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ? | ഡി) | ബന്ധപ്പെട്ട ചട്ടങ്ങളിൽ അത്തരം വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ